## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 535** **28.09.2016-ൽ മറുപടിയ്ക്ക്**

## ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾ

**ചോദ്യം**
ശ്രീ.കെ.കൃഷ്ണൻകുട്ടി
ശ്രീ.സി.കെ.നാണു
ശ്രീ.കോവൂർ കുഞ്ഞുമോൻ
ശ്രീ.തോമസ് ചാണ്ടി

**മറുപടി**
ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ
പിന്നോക്കസമുദായക്ഷേമവും നിയമവും
സാംസ്കാരികവും പാർലമെന്ററികാര്യവും
വകുപ്പ് മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | ഭവനരഹിതരായ എത്ര പട്ടികവർഗ്ഗ കുടുംബങ്ങളുണ്ടെന്ന് ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ; | എ) | ഭവനരഹിതരായ പട്ടികവർഗ്ഗക്കാരുടെ ജില്ലതിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| ബി) | ഭൂമിയുള്ള പട്ടികവർഗ്ഗകാർക്ക് വാർപ്പ് മാതൃകയിലുള്ള വീടുകൾക്ക് പകരം, അട്ടപ്പാടിയിൽ വിജയകരമായി നടപ്പിലാക്കിയപ്രകാരം കുടുംബത്തിന്റെ ആവശ്യങ്ങളും താല്പര്യങ്ങളും പരിഗണിച്ചുകൊണ്ടുള്ള ഒരു പാർപ്പിട പദ്ധതി നടപ്പിലാക്കുമോ; | ബി) & സി) | ഭൂമിയുള്ള പട്ടികവർഗ്ഗക്കാർക്ക് നിലവിൽ വാർപ്പ് മാതൃകയിലുള്ള 350 സ്ക്വയർ ഫീറ്റ് വിസ്തൃതിയിലുള്ള കെട്ടുറപ്പുള്ള വീടുകളാണ് നിർമ്മിച്ചു വരുന്നത്. നടപ്പു സാമ്പത്തികവർഷം സംസ്ഥാനത്തൊട്ടാകെ 5000 വീടുകൾ അനുവദിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. അട്ടപ്പാടിയിൽ നടപ്പിലാക്കിയ പ്രകാരമുള്ള പാർപ്പിട പദ്ധതി സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുന്നതിന് വിശദമായ പഠനം ആവശ്യമാണ്. കൂടാതെ പട്ടിക വർഗ്ഗക്കാരുടെ താല്പര്യവും കണക്കിലെടുക്കേണ്ടതുണ്ട്. ആയതിന് ശേഷമേ അട്ടപ്പാടി മോഡൽ പാർപ്പിട പദ്ധതി സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. |
| സി) | എങ്കിൽ ഈ വർഷം ഇത്തരം മാതൃകയിൽ എത്ര വീടുകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നമ്പർ | ജില്ല | ഭവനരഹിതർ | ഭൂരഹിതർ | ആകെ ഭവനരഹിതർ |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 1071 | 21 | 1092 |
| 2 | കൊല്ലം | 106 | 47 | 153 |
| 3 | പത്തനംതിട്ട | 186 | 209 | 395 |
| 4 | ആലപ്പുഴ | 112 | 290 | 402 |
| 5 | കോട്ടയം | 102 | 160 | 262 |
| 6 | ഇടുക്കി | 2678 | 317 | 2995 |
| 7 | എറണാകുളം | 487 | 223 | 710 |
| 8 | തൃശ്ശൂർ | 192 | 41 | 233 |
| 9 | പാലക്കാട് | 1040 | 1173 | 2213 |
| 10 | മലപ്പുറം | 851 | 608 | 1459 |
| 11 | കോഴിക്കോട് | 224 | 186 | 410 |
| 12 | വയനാട് | 5474 | 5522 | 10996 |
| 13 | കണ്ണൂർ | 727 | 264 | 991 |
| 14 | കാസറഗോഡ് | 1899 | 395 | 2294 |
| ആകെ | | **15149** | **9456** | **24605** |

സെക്ഷൻ ഓഫീസർ